പട്ടികജാതിക്കാർക്ക് ട്രാൻസ്പോർട്ട് വകുപ്പിൽ അപ്രൻറീസ് നിയമനം

1066. [1574] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.റ്റി.ഐ. പാസ്സായി നിൽക്കുന്ന തൊഴിൽ രഹിതരായ പട്ടികജാതിക്കാർക്ക് ഒരു ആശ്വാസമെന്ന നിലയിൽ കൂടുതൽപേരെ ട്രാൻസ്പോർട്ട് വകുപ്പിൽ അപ്രൻറീസ് ആയിട്ട് നിയമിക്കുവാൻ നിർദ്ദേശം നൽകാമോ ;

(ബി) ഇപ്പോൾ ട്രാൻസ്പോർട്ടിൽ അപ്രൻറീസായിട്ട് മൊത്തം എത്രപേർ ജോലിനോക്കുന്നുണ്ട് ;

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ എത്രപേരാണുള്ളത് ?

ഉത്തരം

(എ) കൂടുതൽപേരെ അപ്രൻറീസ് ആയി നിയമിക്കുവാൻ ബുദ്ധിമുട്ടാണ്.

(ബി) ഐ.റ്റി.ഐ. പാസ്സായ 350 പേർ.

(സി) ആർ.ഐ. സെൻറുകളിൽ നിന്നും നൽകുന്ന ലിസ്റ്റിൽ ജാതി രേഖപ്പെടുത്താറില്ല. അതിനാൽ വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

ട്രിവാൻട്രം റബ്ബർ വർക്സിൻെറ കടബാദ്ധ്യത

1067. [1575] ശ്രീ. സിറിയക് ജോൺ :

,, വി. സി. കബീർ :

,, ആർ. എസ്. ഉണ്ണി :

,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രിവാൻട്രം റബ്ബർ വർക്സിൻെറ ഇപ്പോഴത്തെ കടബാദ്ധ്യതകൾ എത്രയാണ് ; ആസ്തി എത്രയാണ് ;

(ബി) ഇവിടെ ആകെ എത്രതൊഴിലാളികൾ ജോലി നോക്കുന്നു ;

(സി) ഇതിൻെറ മാനേജ്മെൻറ് എന്നാണ് കെ. എസ്. ആർ. ടി. സി. ഏറെടുത്തത് ;

(ഡി) റബ്ബർ വർക്സിനെ കെ. എസ്. ആർ. ടി. സി.-യുമായി ലയിപ്പിക്കാൻ ആലോചനയുണ്ടോ ;

(ഇ) റബ്ബർ വർക്സിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 31-3-1986-ലെ കടബാദ്ധ്യത 948.78 ലക്ഷം രൂപ. ആസ്തി : 290.61 ലക്ഷം രൂപ.

(ബി) 30-9-1986-ലെ കണക്കനുസരിച്ച് ആകെ 440 ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly